ലഘുപത്രിക നമ്പർ ൩൨.

തിരുവിതാംകൂർ പൊതുജനാരോഗ്യ ഡിപ്പാർട്ടുമെൻറ്

മസൂരി നിഷ്കാസനമഹാസമരം

സാർവ്വത്രികമായ ഗോവസൂരിപ്രയോഗം.



മസൂരിരോഗം പല പരിഷ്കൃത രാജ്യങ്ങളിൽനിന്നും "**സാർവ്വത്രികമായ ഗോവസൂരിപ്രയോഗം**"കൊണ്ടു ഉന്മൂലനം ചെയ്യപ്പെട്ടിരിക്കുന്നു.

ഇപ്പോൾ മസൂരിബാധിച്ചു കൊണ്ടിരിക്കുന്നതു ഗോവസൂരിപ്രയോഗം വേണ്ടപോലെ പ്രചരിച്ചിട്ടില്ലാത്ത രാജ്യങ്ങളിൽ മാത്രമാണ്.

തിരുവിതാംകൂറിൽ മസൂരിനില നിന്നു പോരുന്നതും, കൂടക്കൂടെ മഹാമാരികളായിത്തീർന്ന് അതിയായ കഷ്ടനഷ്ടങ്ങൾക്കും, ജീവനാശത്തിനും ഇടയാകുന്നതും, പൊതുജനങ്ങൾ ഗോവസൂരിപ്രയോഗം ചെയ്യുന്നതിൽ ഉദാസീനരായിരിക്കുന്നതു കൊണ്ടാകുന്നു.

മസൂരിയിൽ നിന്നും രക്ഷനേടുവാൻ ഗോവസൂരിപ്രയോഗമല്ലാതെ മററുയാതൊരു മാർഗ്ഗവുമില്ല.

ശിശുക്കൾക്കു ൬- മാസം കഴിയുമ്പോൾ ഗോവസൂരി പ്രയോഗം ആദ്യമായി ചെയ്യുകയും അനന്തരം ഇതു ൭, ൧൪, ൨൧-ാം വയസ്സുകളിൽ വീണ്ടും നടത്തുകയും ചെയ്യേണ്ടതാണ്.

ഈ പ്രയോഗത്തിൻെറ ഫലം ക്രമേണക്ഷയിച്ചു പോകുന്നതുകൊണ്ടാണ് ഇതു അഞ്ചുവർഷത്തിലൊരിക്കലെങ്കിലും ആവർത്തിച്ചുചെയ്യേണ്ടിവരുന്നതു്.

തിരുവിതാംകൂറിൽ നിന്നും മസൂരിയെ നിശ്ശേഷം അകററുന്നതിനായി "**സാർവ്വത്രികമായ ഗോവസൂരിപ്രയോഗം**" ഇപ്പോൾ തുടങ്ങിയിട്ടുണ്ടു്.

പ്രാരംഭഗോവസൂരിപ്രയോഗം ചെയ്തിട്ടില്ലാത്തവർക്കും, ഇതു ആവർത്തിച്ചു ചെയ്യുവാൻഇടവന്നിട്ടില്ലാത്തവർക്കും ഈ പ്രയോഗം ഉടൻതന്നെനടത്താൻ ഉദ്ദേശിച്ചിരിക്കുന്നു.

ഏതൽ പ്രവർത്തനത്തിൻെറ ഗണ്യമായ ഗുണങ്ങളെ കരുതി, എല്ലാവരും ഉത്സാഹപൂർവ്വം ഗോവസൂരിപ്രയോഗം ചെയ്യിച്ചു്, ഭയങ്കരമായ മസൂരിബാധയിൽ നിന്നും രക്ഷനേടി ഈ മഹോദ്യമത്തെ സർവ്വഥാവിജയകരമാക്കിത്തീർക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.